ഭരണഭാഷ –മാതൃഭാഷ

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

*(പബ്ളിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം)*

**(ഹാജർ: സി.എ. ലത IAS)**

നം.എൽ.ആർ.സി4 -3171/2020 തീയതി: 07/02/2020

വിഷയം:- പൊന്നുംവില - മലപ്പുറം ജില്ല - തിരൂർ താലൂക്ക് സി.എച്ച്.എം.കെ.എം. ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്- ഭൂമി ഏറ്റെടുക്കൽ- പുനരധിവാസത്തിനും - പുനഃസ്ഥാപനത്തിനുമുള്ള കരട് സ്കീം അംഗീകരിക്കുന്നത് - സംബന്ധിച്ച്:

പരാമർശം: - മലപ്പുറം ജില്ലാ കളക്ടറുടെ 13.1.2020 ലെ ഡി.സി.എം.പി.എം/ 11424/2018 – എൽ.എ 4 നമ്പർ കത്ത്.

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ സി.എച്ച്.എം.കെ.എം. ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് നിർമ്മാണത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിൽ **13.4.2018** ലെ സ.ഉ. (സാധാ) **762/2018**/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ഉത്തരവായിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠനത്തെ സംബന്ധിച്ച വിദഗ്ധ സമിതി റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുള്ളതുമാണ്. ടി ഭൂമി ഏറ്റെടുപ്പിന്റെ **11(1)** പ്രാരംഭ വിജ്ഞാപനം **30.11.2019** ലെ ജി.ഒ.(പി) **84/2019**/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം വീട് ഉടമസ്ഥനായ ശ്രീ. എൻ.വി. വിശ്വനാഥന് ജി.ഒ. (എം.എസ്) **448/17**/ആർ.ഡി. സർക്കാർ ഉത്തരവ് പ്രകാരം **300000/-** രൂപയും വാടകക്കാരനായ ശ്രീ. സെയ്ദ്ലവിക്ക് ഗതാഗത ചെലവിനത്തിൽ **30000/-** രൂപയും ശുപാർശ ചെയ്തിട്ടുള്ളതാണ്.

എൽ.എ.ആർ.ആർ. ആക്ട് **2013** വകുപ്പ് **44** പ്രകാരം **1.11.2015** ലെ ജി.ഒ.(പി) **589/15**/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള പാക്കേജ് അംഗീകരിക്കുന്നതിനുള്ള കമ്മീഷണറായി ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. എൽ.എ.ആർ.ആർ. ആക്ട് **43(1)** പ്രകാരം ജി.ഒ.(പി) **590/15**/ആർ.ഡി. ഉത്തരവ് പ്രകാരം എൽ.എ. ഡെപ്യൂട്ടി കളക്ടറെ അതാത് ജില്ലയിലെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിച്ചിട്ടുള്ളതുമാണ്.

ജില്ലാ കളക്ടർ സമർപ്പിച്ച പാക്കേജ് വിശദമായി പരിശോധിച്ചു. ആയതിൽ **2013** ലെ പൊന്നുംവില ചട്ടം **21** പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ വീട് ഉടമയായ ശ്രീ. എൻ.വി. വിശ്വനാഥൻ മലേഷ്യൻ പൗരനും അവിടെ

സ്ഥിരതാമസക്കാരനും ആയതിനാൽ ടിയാന് പുനരധിവാസ പുനഃസ്ഥാപന പാക്കേജ് ആവശ്യമായി വരുന്നില്ല. ആയതിനാൽ ടി പാക്കേജിൽ നിന്നും ശ്രീ. വിശ്വനാഥനെ ഒഴിവാക്കുന്നതിനും ശ്രീ. സെയ്ദ്ലവിയ്ക്ക് ഗതാഗത ചെലവായ **30000/-** രൂപ അനുവദിച്ച കൊണ്ടും ജില്ലാ കളക്ടറുടെ ശുപാർശ ഭേദഗതികളോടെ ഉത്തരവാകുന്നു.

പുനരധിവാസ പാക്കേജിനെ സംബന്ധിച്ച തുടർനടപടികൾ അഡ്മിനിസ്ട്രേറ്റർ കൈക്കൊള്ളേണ്ടതും നടപടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

എൽ.എ.ആർ.ആർ. ആക്ട് 2013 സെക്ഷൻ 18, ചട്ടം 21 (6) പ്രകാരം പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അംഗീകരിക്കപ്പെട്ട സ്കീം ഏതെങ്കിലും മലയാളം ദിനപത്രത്തിലും പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും, ജില്ലാ കളക്ടർ, സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, തഹസിൽദാർ എന്നിവരുടെ ഓഫീസുകളിൽ പ്രാദേശിക ഭാഷയിൽ ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട പ്രദേശങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഒപ്പ്/-)
കമ്മീഷണർ

പകർപ്പ്- 1) ജില്ലാ കളക്ടർ, മലപ്പുറം.
2) ഡെപ്യൂട്ടി കളക്ടർ (എൽ.എ)
അഡ്മിനിസ്ട്രേറ്റർ , മലപ്പുറം.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

റ്റി6